ഫെബ്രുവരി മാസത്തെ ഉപഭോഗം: 101864.37 യൂണിറ്റ്.

ഏപ്രിൽ-മേയ് മാസത്ത് ഉപഭോഗം: 81592.6 യൂണിറ്റ്.

നോ-ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ, ലാഭപ്രഭ എന്നീ പദ്ധതികൾമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മേയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.185 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ഉപഭോഗത്തിലുണ്ടായ ഗണ്യമായ കുറവ് ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽനിന്നും നല്ല പ്രതികരണമാണ് ലഭിച്ചത് എന്നതിന്റെ തെളിവാണ്. ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവെയ്ക്കുകയുമായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ ആദ്യത്തെ വൈദ്യുതി ഉപഭോഗ സാക്ഷരതാ പരിപാടി എന്ന നിലയിൽക്കൂടിയാണ് ലാഭപ്രഭ നടപ്പാക്കിയത്. ഈ പദ്ധതിയുടെ സന്ദേശം എല്ലാവരിലും എത്തിയെന്നതുതന്നെ ഇതിന്റെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ESCOT-ന്റെ പ്രവർത്തനങ്ങളിലൂടെ ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വിവിധ ജലവൈദ്യുതപദ്ധതികൾക്കുള്ള പാരിസ്ഥിതികാനുമതി

25 (6476) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി, അച്ചൻകോവിൽ, കുറിയാർകുട്ടി-കാരപ്പാറ, പാത്രക്കടവ് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇവയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുതപദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾക്ക് വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതായുണ്ട്. ആയതിനാൽ പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതികളുടെ പാരിസ്ഥിതികാനുമതിക്കായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു :

പൂയംകുട്ടി ജലവൈദ്യുത പദ്ധതി (210 മെഗാവാട്ട്)

പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ ഡബ്ല്യൂ. ജി. ഇ. ഇ. പി. റിപ്പോർട്ടിന്റെയും കസ്തൂരിരംഗൻ അദ്ധ്യക്ഷനായ എച്ച്.എൽ.ഡബ്ല്യൂ.ജി. റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കൈക്കൊള്ളുന്ന നടപടിയെ ആശ്രയിച്ച് മാത്രമേ പാരിസ്ഥിതിക അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

കസ്തൂരിരംഗൻ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ചുകിട്ടാനുള്ള നടപടികൾ ത്വരിതപ്പെടുത്താനാവൂ.

അച്ചൻകോവിൽ

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 16-9-2008-ൽ ലഭിച്ചിട്ടുണ്ട്. അന്തിമപാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

കുരിയാർകുറ്റി-കാരപ്പാറ പദ്ധതി

പദ്ധതിയുടെ നിർമ്മാണച്ചെലവ് സംബന്ധിച്ച് ജലവിഭവ വകുപ്പും ഊർജ്ജ വകുപ്പും തമ്മിൽ ധാരണയിലെത്താത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

പാത്രക്കടവ്

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 12-09-2003-ൽ ലഭിച്ചു. അന്തിമാനുമതിക്കുള്ള അപേക്ഷ പരിഗണനയിലിരിക്കുമ്പോൾ `EIA Notification 2006' നിലവിൽ വന്നതിനാൽ പുതുക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ബഫർസോണായി പ്രഖ്യാപിച്ചതിനാൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി നൽകാൻ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന വനംവകുപ്പ് അറിയിച്ചിട്ടുണ്ട്.

വൈദ്യുതപദ്ധതികളുടെ നിർമ്മാണപുരോഗതി

26 (6477) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലങ്ങോട്, ചാത്തൻകോട്ടുനട, വരാപ്പുഴ, പെരുന്തേനരുവി, കക്കയം, ആഢ്യൻപാറ, ചിമ്മിനി എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്ന് എത്രവീതം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുതപദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly